# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:5025** 27/06/2019- **ൽ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ അപേക്ഷ നൽകിയവരിൽ, അപേക്ഷ നിരസിക്കപ്പെടുന്നവരെ അതിന്റെ കാരണം വ്യക്തമാക്കി വിവരം അറിയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (എ), | നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ചില ഉദ്യോഗസ്ഥർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിക്കുന്ന അപേക്ഷ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നുണ്ടോ, ഇവർക്കെതിരെ വകുപ്പുതലനടപടികൾ സ്വീകരിക്കുമോ ; | (ബി) & (സി) | ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നുണ്ട്. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെയും 15,000 രൂപവരെ ധനസഹായം അനുവദി ക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറി യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്കും ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഓൺലൈനായി നൽകി വരുന്നു. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നതിനായി Direct Beneficiary Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ധനകാര്യ വകുപ്പിന്റെ കീഴിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ടെക്നിക്കൽ |
| (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിക്കുന്ന അപേക്ഷകളിന്മേൽ അതിവേഗം നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സപ്പോർട്ട് സെൽ രൂപീകരിച്ച് പ്രവർത്തിച്ച്
വരുന്നു.

**സെക്ഷൻ ഓഫീസർ**